	ഹവിൽദാർ ഡ്രൈവർ	.. 1	
	പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ	.. 2	
	സ്റ്റെനോ	.. 2	
	ഹവിൽദാർ ടൈപ്പിസ്റ്റ്	.. 1	
(ഇ)	ശ്രീ. കെ. വി. കുമാരസ്വാമി, ഡി. ഐ. ജി.	23-4-77	മുതൽ
,,	കെ. അബ്ദു, സൂപ്രണ്ട്	1-2-79	,,
,,	എം. കെ. പത്മനാഭൻ നമ്പ്യാർ, ഡെ. സൂപ്രണ്ട്	12-11-78	,,
,,	എം. അലക്സാണ്ടർ, സർക്കിൾ ഇൻസ്പെക്ടർ	24-8-77	,,
,,	സുധാകരദാസ്, സബ് ഇൻസ്പെക്ടർ	9-10-75	,,
,,	കെ. വി. മാധവൻ നായർ, സബ് ഇൻസ്പെക്ടർ	9-1-77	,,
,,	ഷൺമുഖൻ, ഹെഡ് കോൺസ്റ്റബിൾ	13-1-75	,,
,,	അബ്ദുൾ അസീസ്, പി. സി.	16-11-74	,,
,,	ഹബീബ്, പി. സി.	17-1-75	,,
,,	ബാലകൃഷ്ണൻ നായർ, പി. സി.	17-1-75	,,
,,	നാരായണപിള്ള, പി. സി.	18-7-75	,,
,,	അബ്ദുൽ കരീം, പി. സി. ഡ്രൈവർ	9-7-75	,,
,,	കൃഷ്ണൻകുട്ടി, പി. സി, ഡ്രൈവർ	1-1-78	,,
,,	പരമേശ്വരൻ നായർ, ഹവിൽദാർ ഡ്രൈവർ	27-6-77	,,
,,	ജോൺ കുരുവിള, സ്റ്റെനോ	1-1-77	,,
,,	സി. വി. വിജയമ്മ, സ്റ്റെനോ	1-11-77	,,
,,	പി. സി. ലൈലി, ഹവിൽദാർ ടൈപ്പിസ്റ്റ്	24-9-76	,,

(എഫ്) അത്തരത്തിലുള്ള എന്തെങ്കിലും ആരോപണം ഉണ്ടായിട്ടുള്ളതായി അറിവില്ല. വ്യക്തമായ ആരോപണങ്ങൾ ഉന്നയിച്ചാൽ അന്വേഷിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ട്രാഫിക്ക് കോൺസ്റ്റബിളിനെ ആക്രമിച്ച സംഭവം

1115 [1782] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അടുത്ത കാലത്തായി തലസ്ഥാന നഗരിയിൽ സ്പെൻസർ ജംഗ്ഷനിൽവച്ച് ഒരു വിദ്യാർത്ഥി ഡ്യൂട്ടിയിൽ നിന്നിരുന്ന ഒരു ട്രാഫിക്ക് കോൺസ്റ്റബിളിനെ ആക്രമിച്ച സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വിദ്യാർത്ഥിക്കെതിരെ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ;

(സി) ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് തടയാൻ സത്വരനടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ പിന്നീട് ട്രാഫിക്ക് പോലീസുകാരെ പോസ്റ്റുചെയ്തിരിക്കുന്ന പ്രവണത അവസാനിപ്പിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 54/79 ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) ഇതിന് ഒരു സംവിധാനം നിലവിലുണ്ട്.

(ഡി) ഇത്തരം സംഭവങ്ങളുണ്ടാകുന്ന സ്ഥലങ്ങളിൽ വീണ്ടും ഡ്യൂട്ടിക്ക് ട്രാഫിക്ക് കോൺസ്റ്റബിൾമാരെ നിയമിക്കാതിരുന്നിട്ടില്ല.

ഹരിജൻ ബാലനെ കാണാനില്ലെന്ന പരാതി

1116 [1783] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട് വില്ലേജിൽ കരിങ്ങയിൽ ഹരിജൻ കോളനിയിൽ എസ്. അപ്പു എന്ന ഹരിജൻ കർഷകതൊഴിലാളിയുടെ മകനായ സുധാകരനെ കാണാനില്ല എന്നത് സംബന്ധിച്ച് ഗവൺമെന്റിന് വല്ല പരാതിയും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. അപ്പുവിനെ വരുത്തി വിവരം ചോദിച്ച് മൊഴി രേഖപ്പെടുത്തി നെടുമങ്ങാട് സ്റ്റേഷനിൽ ക്രൈം നമ്പർ 126/79 ആയി കേസ് രജിസ്റ്റർ ചെയ്യുകയും സംഭവസ്ഥലം ആറൻമുള സ്റ്റേഷനതിർത്തിയിലാണെന്ന് കണ്ട് മേലന്വേഷണത്തിനായി കേസ് അങ്ങോട്ട് ട്രാൻസ്ഫർ ചെയ്യുകയും ആറൻമുള സ്റ്റേഷനിൽ ഈ കേസ് ക്രൈം നമ്പർ 33/79 ആയി രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നതുമാകുന്നു.

ഹരിജനമർദ്ദനത്തെ സംബന്ധിച്ച പരാതി

1117 [1784] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കിൽ പെരുംകുളം എന്ന സ്ഥലത്ത് ഹരിജനങ്ങളുടെനേരെ സവർണ്ണവിഭാഗത്തിൽപ്പെട്ട ചിലയാളുകൾ മർദ്ദനം നടത്തിയെന്നുള്ളതിനെ സംബന്ധിച്ച് എന്തെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്താണെന്നു വ്യക്തമാക്കാമോ;

(സി) അതിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) അത്തരം ആക്രമണങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ കരുതൽ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly